**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ **ചോദ്യം നം.430** **29.05.2019**-ലെ മറുപടിക്ക്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. സണ്ണി ജോസഫ് | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |

**സാമ്പത്തിക പ്രതിസന്ധി**

| | | |
|---|---|---|
| (എ) | സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നത് വസ്തുതയാണോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. കഴിഞ്ഞ വർഷം സംസ്ഥാനത്തെ ഗ്രസിച്ച പ്രളയം, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങൾ ഗുരുതരമായ സാമ്പത്തിക ഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. |

| | | |
|---|---|---|
| (ബി) | വിവിധ വകുപ്പുകളുടെ സേവന നിരക്കുകൾ ഉയർത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സേവനങ്ങളുടെ നിരക്കുകളാണ് ഉയർത്തുന്നതെന്നും ഇതിലൂടെ എത്ര കോടി രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ; | വിവിധ സർക്കാർ വകുപ്പുകൾ നൽകി വരുന്ന എല്ലാ സേവനങ്ങൾക്കുമുള്ള ചാർജ്ജുകളും ഫീസുകളും 5% വർദ്ധിപ്പിക്കുവാൻ 08.03.2019 തീയതിയിലെ സ.ഉ(അച്ചടി) നം.28/2019/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. മുൻ വർഷത്തെ ബജറ്റ് എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ സേവന നിരക്കുകളിൽ 5% വർദ്ധനവ് വരുത്തിയതുൾപ്പെടെ നടപ്പ് സാമ്പത്തിക വർഷം നികുതിയേതര വരുമാനത്തിൽ 798.93 കോടി രൂപ അധികമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ബഡ്ജറ്റിൽ പ്രഖ്യാപിച്ച സേവന നിരക്കുകളുടെ വർദ്ധന പ്രാബല്യത്തിൽ കൊണ്ടുവരുവാൻ കാലതാമസം ഉണ്ടായത് ഏത് സാഹചര്യത്തിലാണ്? | സേവന നിരക്കുകളുടെ വർദ്ധനവ് പ്രാബല്യത്തിൽ കൊണ്ടുവരുവാൻ കാലതാമസമുണ്ടായിട്ടില്ല. 01.04.2019 മുതൽക്ക് തന്നെ നിരക്ക് വർദ്ധന പ്രാബല്യത്തിൽ വരുത്തികൊണ്ട് 08.03.2019 തീയതിയിലെ സ.ഉ(അച്ചടി) 28/2019/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ